✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1078

# സൂറ – 35 / ഫാത്വിർ

## സൂക്തം: 34 – 37

സത്യപ്രബോധകരുടെ സന്ദേശം സ്വീകരിക്കാൻ കൂട്ടാക്കാതെ ചെകുത്താനെ പിന്തുടർന്നു നടന്നു നരകത്തിൽ പതിച്ചുകഴിഞ്ഞ ധിക്കാരികൾ അതിൽ കിടന്ന് നിലവിളിച്ചിട്ട് ഒരു പ്രയോജനവുമില്ല. അവരെ നയിച്ച നേതാക്കളോ പുരോഹിതന്മാരോ അവർ പൂജിച്ചിരുന്ന മിഥ്യാദൈവങ്ങളോ ഒന്നും അവരെ സഹായിക്കാനെത്തുകയില്ല. അവിടെ കിടന്ന് അനന്തകാലം ശിക്ഷയനുഭവിച്ചുകൊണ്ടിരിക്കുകയല്ലാതെ അവർക്കു ഗത്യന്തരമില്ല.

وَقَالُوا۟ ٱلْحَمْدُ لِلَّهِ ٱلَّذِىٓ أَذْهَبَ عَنَّا ٱلْحَزَنَ ۖ إِنَّ رَبَّنَا لَغَفُورٌ شَكُورٌ ﴿٣٤﴾

34. ആ സ്വർഗസ്ഥർ കീർത്തനം ചെയ്യുന്നു; ഞങ്ങളുടെ ദുഃഖങ്ങൾ പോക്കിക്കളഞ്ഞ അല്ലാഹുവിനു സർവസ്തുതി. ഞങ്ങളുടെ നാഥാ, നീ അത്യധികം പൊറുത്തുതരുന്നവനും നന്ദിയുള്ളവനും തന്നെ.

ٱلَّذِىٓ أَحَلَّنَا دَارَ ٱلْمُقَامَةِ مِن فَضْلِهِۦ لَا يَمَسُّنَا فِيهَا نَصَبٌ وَلَا يَمَسُّنَا فِيهَا لُغُوبٌ ﴿٣٥﴾

35. തന്റെ ഔദാര്യത്താൽ ഞങ്ങളെ നിത്യവസനത്തിൽ പാർപ്പിച്ചവൻ. ഇവിടെ ഞങ്ങൾ ക്ലേശം നേരിടുകയില്ല. ക്ഷീണം ബാധിക്കുകയുമില്ല.

**34,35**

وَقَالُواْ = അവർ പറഞ്ഞു (കീർത്തനം ചെയ്യുന്നു) ٱلْحَمْدُ لِلَّهِ = അല്ലാഹുവിന് സർവസ്തുതിയും

ٱلَّذِىٓ أَذْهَبَ عَنَّا ٱلْحَزَنَ = ഞങ്ങളുടെ ദുഃഖങ്ങൾ പോക്കിക്കളഞ്ഞവനായ

إِنَّ رَبَّنَا = ഞങ്ങളുടെ നാഥ(ാ)ൻ لَغَفُورٌ شَكُورٌ = അത്യധികം പൊറുത്തുതരുന്നവനും നന്ദിയുള്ളവനുംതന്നെ

ٱلَّذِىٓ أَحَلَّنَا = ഞങ്ങളെ ഇറക്കിയവനായ (പാർപ്പിച്ചവൻ) دَارَ ٱلْمُقَامَةِ = നിത്യവസനത്തിൽ

مِن فَضْلِهِۦ = അവന്റെ ഔദാര്യത്താൽ لَا يَمَسُّنَا فِيهَا = അതിൽ (ഇവിടെ) ഞങ്ങളെ സ്പർശിക്കു(നേരിടു)കയില്ല

نَصَبٌ = ക്ലേശം وَلَا يَمَسُّنَا فِيهَا = അതിൽ (ഇവിടെ) ഞങ്ങളെ സ്പർശി(ബാധി)ക്കുകയുമില്ല لُغُوبٌ = മനോവിഷമം, ക്ഷീണം

അല്ലാഹു തങ്ങളോട് വാഗ്ദത്തം ചെയ്ത സൗഭാഗ്യം തങ്ങൾ പ്രതീക്ഷിച്ചതിലും സങ്കൽപിച്ചതിലും എത്രയോ അധികമായി സഫലമാക്കിത്തന്നിരിക്കുന്നു എന്നു കാണുമ്പോൾ സ്വർഗസ്ഥരിൽനിന്നുണ്ടാകുന്ന ഭക്തിനിർഭരമായ നന്ദിപ്രകടനമാണ് ഈ വചനങ്ങൾ. 39:73-ൽ وَقَالُواْ ٱلْحَمْدُ لِلَّهِ ٱلَّذِى صَدَقَنَا وَعْدَهُۥ (തന്റെ വാഗ്ദാനം ഞങ്ങൾക്കു സത്യമാക്കിത്തന്ന അല്ലാഹുവിനു സ്തുതി)എന്നുതന്നെയാണ് ഈ വചനം ഉദ്ധരിക്കുന്നത്. 7:43-ൽ وَقَالُواْ ٱلْحَمْدُ لِلَّهِ ٱلَّذِى هَدَىٰنَا لِهَٰذَا (ഞങ്ങളെ ഈ സൗഭാഗ്യങ്ങളിലേക്കു നയിച്ച അല്ലാഹുവിനു സ്തുതി) എന്നാണ് ഉദ്ധരിക്കുന്നത്. 10:10-ൽ

(അവരവിടെ കെട്ട വർത്തമാനങ്ങളോ കുറ്റാരോപണങ്ങളോ കേൾക്കുകയില്ല. കേൾക്കുന്നത് സമാധാനാശംസകൾ മാത്രമായിരിക്കും - 56: 25,26). എന്നെന്നും സ്ഥിരമായി വസിക്കാനുള്ള വസതിയാണ് دَارَ ٱلْمُقَامَةِ. ഇഹത്തിൽ അവർ പാർത്തിരുന്നത് നശ്വരവും അപൂർണവുമായ വീടുകളിലായിരുന്നു. ഈ ലോകത്ത് ധാരാളം പണം ചെലവഴിച്ച് നിർമിച്ച ആർഭാടസൗധമേതും കുറച്ചുകാലം താമസിച്ചുകഴിഞ്ഞാൽ പോരെന്നു തോന്നും, മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കും. അവിടത്തെ താമസമോ ക്ഷണികവുമായിരിക്കും. ചിലപ്പോൾ താമസിച്ച് പുതുമ തീരുന്നതിനു മുമ്പേ വീടു മാറേണ്ടിവരുന്നു, അല്ലെങ്കിൽ മരിച്ചുപോകുന്നു. പരലോകത്ത് അല്ലാഹു നൽകുന്ന പാർപ്പിടം മനുഷ്യന് സ്ഥിരമായി വസിക്കാനുള്ളതും അനശ്വരമായി നിലനിൽക്കുന്നതുമാണ്. അതിൽ താമസക്കാർ വല്ല മാറ്റവും ആഗ്രഹിക്കുന്നുവെങ്കിൽ അത് സ്വയം സംജാതമായിക്കൊള്ളും. ഈ വസതികൾ അല്ലാഹുവിങ്കൽനിന്നുള്ള സവിശേഷമായ ഔദാര്യമാകുന്നു. نَصَبٌ -ഉം لُغُوبٌ -ഉം ഒരേ അർഥത്തിലുള്ള പദങ്ങളാണ്; ക്ലേശവും കഷ്ടപ്പാടും. എങ്കിലും نَصَبٌ-ൽ മികച്ചുനിൽക്കുന്ന ആശയം കായ ക്ലേശമാണ്. لُغُوبٌ-ൽ മനഃക്ലേശവും. സ്വർഗവാസികൾ അവിടെ കഠിനാധ്വാനം ചെയ്ത് ക്ലേശിക്കേണ്ടതില്ല, രോഗം ബാധിച്ചു കഷ്ടപ്പെടേണ്ടതില്ല, മാത്സര്യങ്ങളാലുള്ള മനോവിഷമങ്ങളുമില്ല. ആഗ്രഹം സഫലമാകാത്തതുകൊണ്ടുണ്ടാകുന്ന മ്ലാനതയും വൈക്ലബ്യവും അവർക്കന്യമാകുന്നു. ഇതാണ് لَا يَمَسُّنَا....... -ന്റെ താൽപര്യം. ●

وَءَاخِرُ دَعْوَىٰهُمْ أَنِ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ(അവരുടെ പ്രാർഥനയുടെ പര്യവസാനം സർവസ്തുതിയും സർവലോക വിധാതാവിനാകുന്നു) എന്നും പ്രസ്താവിച്ചിരിക്കുന്നു. കാമമോഹലോഭാദികളാൽ ഭൗതികലോകത്ത് അനുഭവിച്ചിരുന്ന ഭയാശങ്കകളും മറ്റു മനഃസംഘർഷങ്ങളും, ഉയിർത്തെഴുന്നേൽപിനുശേഷം വിധിപ്രസ്താവന വരെ അനുഭവിച്ചിരുന്ന ഭീതിയും ഉത്കണ്ഠയുമൊക്കെയാണ് സ്വർഗത്തിലെത്തുന്നതോടെ അല്ലാഹു പോക്കിക്കളയുമെന്നു പറയുന്ന الحزن - ദുഃഖം. 7:43-ൽ ഈ ആശയം അവതരിപ്പിച്ചിട്ടുള്ളത് وَنَزَعْنَا مَا فِى صُدُورِهِم مِّنْ غِلٍّ (അവരുടെ ഹൃദയങ്ങളിലുള്ള കന്മഷങ്ങളെ നാം ഊരിക്കളയും) എന്നാകുന്നു. പ്രസ്തുത സൂക്തത്തിനുതാഴെ *ഖുർആൻ ബോധനം* ഈ വിഷയം കൂടുതൽ വിശദീകരിച്ചിരിക്കുന്നു. ആരോടും വൈരവും മാത്സര്യവുമില്ലാത്ത, ആസക്തികളാൽ അസ്വസ്ഥമാകാത്ത, തികച്ചും സംതൃപ്തവും പ്രശാന്തവുമായ മനസ്സുമായിട്ടാണ് സ്വർഗത്തിലെത്തുക. അവൻ അവരോട് അരുൾ ചെയ്യുന്നു:

يَٰٓأَيَّتُهَا ٱلنَّفْسُ ٱلْمُطْمَئِنَّةُ ﴿٢٧﴾ ٱرْجِعِىٓ إِلَىٰ رَبِّكِ رَاضِيَةً مَّرْضِيَّةً ﴿٢٨﴾
فَٱدْخُلِى فِى عِبَٰدِى ﴿٢٩﴾ وَٱدْخُلِى جَنَّتِى ﴿٣٠﴾

(ശാന്തിപ്രാപിച്ച ആത്മാവേ, സംപ്രീതനും പ്രീതിപ്പെട്ടവനുമായി നാഥങ്കലേക്ക് മടങ്ങിക്കൊള്ളുക. എന്റെ വിശിഷ്ട ദാസന്മാരിൽ ചേർന്നുകൊള്ളുക. സ്വർഗം പൂകിക്കൊള്ളുക - 89:27-30)

لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا ﴿٢٥﴾ إِلَّا قِيلًا سَلَٰمًا سَلَٰمًا ﴿٢٦﴾

---

وَٱلَّذِينَ كَفَرُوا۟ لَهُمْ نَارُ جَهَنَّمَ لَا يُقْضَىٰ عَلَيْهِمْ فَيَمُوتُوا۟ وَلَا يُخَفَّفُ عَنْهُم مِّنْ عَذَابِهَا ۚ كَذَٰلِكَ نَجْزِى كُلَّ كَفُورٍ ﴿٣٦﴾

36. സത്യധർമങ്ങൾ ധിക്കരിച്ചു വാണവർക്കുള്ളത് നരകാഗ്നിയാകുന്നു. അതിലവർക്ക് മൃത്യു വിധിക്കപ്പെടുന്നില്ല; അങ്ങനെ മരിച്ചു രക്ഷപ്പെടാൻ. നരകപീഡ ലഘൂകരിക്കപ്പെടുകയുമില്ല. ഓരോ കൊടും കാഫിറിനും നാം കർമഫലം നൽകുന്നത് ഈ വിധമാകുന്നു.

**36**

وَٱلَّذِينَ كَفَرُوا۟ = നിഷേധിച്ചവർ (സത്യധർമങ്ങൾ ധിക്കരിച്ചു വാണവർ) لَهُمْ = അവർക്കുള്ളത്
نَارُ جَهَنَّمَ = നരകാഗ്നിയാകുന്നു لَا يُقْضَىٰ عَلَيْهِمْ = (അതിൽ) അവരുടെ മേൽ (മൃത്യു) വിധിക്കപ്പെടുന്നില്ല
فَيَمُوتُوا۟ = (മരിച്ചു രക്ഷപ്പെടാൻ) അങ്ങനെ അവർ മരിക്കാൻ وَلَا يُخَفَّفُ عَنْهُم = അവർക്കു ലഘൂകരിക്കപ്പെടുകയുമില്ല
مِّنْ عَذَابِهَا = അതിന്റെ ശിക്ഷ(നരക പീഡ)യിൽനിന്ന് كَذَٰلِكَ = ഈ വിധമാകുന്നു
نَجْزِى = നാം (കർമ) ഫലം നൽകുന്നത് كُلَّ كَفُورٍ = എല്ലാ ഓരോ കൊടും കാഫിറിനും

ഈ പ്രവാചകനെ തള്ളിപ്പറയുകയും അദ്ദേഹത്തിന് അവതീർണമായ ഖുർആനിനെ നിഷേധിക്കുകയും ചെയ്തവരുടെ പരിണതി അനുസ്മരിക്കുകയാണ്: മരണാനന്തരം അവരെ കാത്തിരിക്കുന്നത് കൊടൂരമായ നരകയാതനയാണ്. പീഡനങ്ങൾ സഹിക്കാനാവാതെ അവർ മരണം കൊതിച്ചുകൊണ്ടിരിക്കും. പക്ഷേ അവർ മരിക്കുകയില്ല. لَا يُقْضَىٰ عَلَيْهِمْ فَيَمُوتُوا۟ എന്നാണ് മൂലവാക്യം. നാനാർഥമുള്ള പദമാണ് قضاء. മൗലികമായ അർഥം 'വിധി'യാണ്. قضاء الله -അല്ലാഹുവിന്റെ വിധി. ന്യായാധിപൻ قاضي-യാണ്. നമസ്കാരം അതിന്റെ സമയത്തു നിർവഹിക്കാതിരിക്കുന്നത് നമസ്കാരം قضاء ആക്കലാണ്. സമയം കഴിഞ്ഞ ശേഷം നമസ്കരിക്കുന്നത് قضاء വീട്ടലും. പൂർത്തിയായി, നിറവേറി എന്ന അർഥത്തിലും قضى എന്നു പറയും. ഉദാ: قضى حاجته -അയാളുടെ ആവശ്യം നിറവേറി. മരിച്ചു എന്ന അർഥത്തിൽ قضى عليه എന്നു പറയുന്നു. ഉദാ: فَوَكَزَهُۥ مُوسَىٰ فَقَضَىٰ عَلَيْهِ (മൂസാ അയാളെ ഇടിച്ചു. അതോടെ അയാളുടെ കഥ കഴിഞ്ഞു). لَا يُقْضَىٰ عَلَيْهِمْ فَيَمُوتُوا۟-ന്റെ പൂർണരൂപം لَا يُقْضَىٰ عَلَيْهِم الْمَوْتُ فَيَمُوتُوا۟ (അവർക്ക് മരണം വിധിക്കപ്പെടുകയും അങ്ങനെ മരിക്കുകയും ഇല്ല) എന്നാകുന്നു. قضى-ക്കു തന്നെ ജീവിതം തീരുക എന്ന ആശയമുള്ളതുകൊണ്ടും തുടർന്ന് فَيَمُوتُوا۟ എന്നു പറയുന്നതു

കൊണ്ടും قضي-യുടെ കർമം നിരുക്തമാക്കി. പീഡനത്തിന്റെ കൊടുമയാൽ അവർ മരിക്കുന്നില്ല. ആത്മഹത്യ ചെയ്യാൻ കഴിയുന്നുമില്ല. അത്തരം സാഹചര്യത്തിൽ ജീവിതം തന്നെ മഹാശിക്ഷയായിത്തീരുന്നു. 43:77-ൽ പ്രസ്താവിക്കുന്നു: وَنَادَوْا يَا مَالِكُ لِيَقْضِ عَلَيْنَا رَبُّكَ قَالَ إِنَّكُم مَّاكِثُونَ -അവർ നരകത്തിൽ കിടന്നു വിലപിക്കും: (നരകം കാക്കും മലക്ക്) മാലിക്കേ, നിന്റെ നാഥൻ ഞങ്ങളുടെ കഥയങ്ങ് കഴിച്ചുതന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു! മലക്ക് മറുപടി കൊടുക്കും; നിങ്ങൾ കാലാകാലം ഈ നരകത്തിൽ തന്നെ വസിക്കേണ്ടവരാകുന്നു. നരകത്തിലെ മുഖ്യ ദണ്ഡനോപകരണം തീയാണല്ലോ. ഏറെ സമയം തീയിൽ കിടന്നാൽ കരിഞ്ഞു വെണ്ണീറായിപ്പോകില്ലേ? ഇല്ല, മരണം വിധിക്കപ്പെടാത്തവർ കരിഞ്ഞു വെണ്ണീറാവുകയില്ല. كُلَّمَا نَضِجَتْ جُلُودُهُم بَدَّلْنَاهُمْ جُلُودًا غَيْرَهَا لِيَذُوقُوا الْعَذَابَ (അവരുടെ ചർമങ്ങൾ വെന്തുപോകുമ്പോഴെല്ലാം നാം പകരം ചർമങ്ങൾ നൽകിക്കൊണ്ടിരിക്കും. അവർ പീഡനമനുഭവിച്ചുകൊണ്ടേയിരിക്കാൻ - 4:56). അവരുടെ പീഡാവസ്ഥക്ക് അവധിദിനങ്ങളോ ലഘൂകരണ സമയമോ ഒന്നുമില്ല. കൊടിയ ധർമധിക്കാരികൾക്ക് അങ്ങനെയാണ് അല്ലാഹു കർമഫലം നൽകുക. ●

---

وَهُمْ يَصْطَرِخُونَ فِيهَا رَبَّنَآ أَخْرِجْنَا نَعْمَلْ صَٰلِحًا غَيْرَ ٱلَّذِى كُنَّا نَعْمَلُ ۚ أَوَلَمْ نُعَمِّرْكُم مَّا يَتَذَكَّرُ فِيهِ مَن تَذَكَّرَ وَجَآءَكُمُ ٱلنَّذِيرُ ۖ فَذُوقُوا۟ فَمَا لِلظَّٰلِمِينَ مِن نَّصِيرٍ ٣٧

37. നരകത്തിൽ അവർ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരിക്കും; നാഥാ, ഞങ്ങളെ ഈ നരകപീഡയിൽനിന്ന് മോചിപ്പിച്ചുതരേണമേ, ഇനി ഞങ്ങൾ നേരത്തേ ചെയ്തിരുന്നതല്ലാത്ത സൽക്കർമങ്ങളാചരിച്ചുകൊള്ളാം. അതിനു മറുപടി ലഭിക്കും: പാഠമുൾക്കൊള്ളണമെന്നുള്ളവർക്ക് അതുൾക്കൊള്ളാൻ വേണ്ടത്ര ആയുസ്സ് നാം നിങ്ങൾക്കു നൽകിയിരുന്നില്ലയോ? നിങ്ങളിൽ മുന്നറിയിപ്പുകാർ വന്നിട്ടുമുണ്ടായിരുന്നുവല്ലോ. ആകയാൽ ഇപ്പോൾ അനുഭവിച്ചുകൊള്ളുക. ധർമധിക്കാരികൾക്ക് ഇവിടെ തുണയേതുമില്ല.

**37**

وَهُمْ يَصْطَرِخُونَ فِيهَا = അതി(നരകത്തി)ൽ അവർ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരിക്കുന്നു

رَبَّنَا = ഞങ്ങളുടെ നാഥാ أَخْرِجْنَا = (ഈ നരകപീഡയിൽനിന്ന്) ഞങ്ങളെ മോചിപ്പിച്ചുതരേണമേ

نَعْمَلْ صَٰلِحًا = (ഇനി) ഞങ്ങൾ സൽക്കർമങ്ങളാചരിച്ചുകൊള്ളാം غَيْرَ ٱلَّذِى كُنَّا نَعْمَلُ = ഞങ്ങൾ (നേരത്തേ) ചെയ്തിരുന്നതല്ലാത്ത

أَوَلَمْ نُعَمِّرْكُم = നാം നിങ്ങൾക്ക് ആയുസ്സ് നൽകിയിരുന്നില്ലയോ مَّا يَتَذَكَّرُ فِيهِ = അതിൽ പാഠമുൾക്കൊള്ളാൻ (വേണ്ടത്ര)

مَن تَذَكَّرَ = പാഠമുൾക്കൊള്ളുന്ന(ക്കൊള്ളണമെന്നുള്ള)വർക്ക് وَجَآءَكُمُ = നിങ്ങളിൽ വന്നിട്ടുമുണ്ടായിരുന്നു(വല്ലോ)

ٱلنَّذِيرُ = മുന്നറിയിപ്പുകാരൻ فَذُوقُوا = ആകയാൽ (ഇപ്പോൾ) അനുഭവിച്ചുകൊള്ളുക

فَمَا لِلظَّٰلِمِينَ مِن نَّصِيرٍ = (ഇവിടെ) ധർമധിക്കാരികൾക്ക് തുണയേതുമില്ല

നരകത്തിൽ അകപ്പെട്ടുകഴിയുമ്പോൾ സത്യനിഷേധികൾക്ക് യാഥാർഥ്യങ്ങളെല്ലാം ബോധ്യമാകുന്നു. ഭൗതികലോകത്ത് തങ്ങളുടെ വിശ്വാസം കേവലം അന്ധവിശ്വാസങ്ങളായിരുന്നു. വാദങ്ങളൊക്കെയും ദുർവാദങ്ങളായിരുന്നു, അന്ധവിശ്വാസങ്ങളെ ആധാരമാക്കി ആചരിച്ചുകൊണ്ടിരുന്നതെല്ലാം അനാചാരങ്ങളായിരുന്നു, അധർമങ്ങളും അക്രമങ്ങളുമായിരുന്നു. അപ്പോൾ അവർ വിധാതാവിനോട് നിലവിളിക്കുകയായി: നാഥാ, ഞങ്ങൾക്ക് പിഴച്ചുപോയി. ഞങ്ങളുടെ വിശ്വാസങ്ങൾ വെറും വ്യാമോഹങ്ങളായിരുന്നുവെന്നും പ്രവർത്തിച്ചിരുന്നതെല്ലാം അക്രമവും അധർമവുമായിരുന്നുവെന്നും ഇപ്പോൾ ബോധ്യമായിരിക്കുന്നു. ഞങ്ങളുടെ ഭൗതിക ജീവിതം തീരെ പാഴായിപ്പോയി. അതിന്റെ ഫലമായി എത്തിച്ചേർന്ന ഈ നരകത്തിൽനിന്ന് ഞങ്ങളെ മോചിപ്പിച്ച് സഫലമായ മറ്റൊരു ജീവിതത്തിന് അവസരം നൽകേണമേ! ഞങ്ങൾ പൂർവ ജീവിതത്തിൽ അനുവർത്തിച്ചുകൊണ്ടിരുന്നതിൽനിന്ന് തികച്ചും വ്യത്യസ്തമായി സത്യധർമങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടും സൽക്കർമങ്ങൾ ചെയ്തുകൊണ്ടും ജീവിച്ചുകൊള്ളാം. അങ്ങനെ നിന്റെ ഇഷ്ടദാസന്മാരും സ്വർഗാവകാശികളും ആയിക്കൊള്ളാം.

ഈ നിലവിളിക്കു പ്രതികരണമുണ്ടാകും. ആരാണ് പ്രതികരിക്കുന്നതെന്ന് ഇവിടെ വ്യക്തമായി പ്രസ്താവിക്കുന്നില്ല. എങ്കിലും അല്ലാഹുവിങ്കൽനിന്നുള്ള മറുപടിയാണതെന്ന് വചനശൈലിയിൽനിന്നു വ്യക്തമാകുന്നു. അല്ലാഹു അവരോടു ചോദിക്കുന്നു; നിങ്ങളിൽ സത്യവും ധർമവും ഉൾക്കൊള്ളണമെന്നുള്ളവർക്ക് അതുൾക്കൊള്ളാൻ വേണ്ടത്ര അവസരം നാം നൽകിയിരുന്നില്ലയോ? أَوَلَمْ نُعَمِّرْكُم مَّا يَتَذَكَّرُ فِيهِ مَن تَذَكَّرَ എന്ന വാക്യം أَوَلَمْ نَجْعَلْكُم تَعْمُرُون وقتا كافيا للتذكر من اراد ان يتذكر (ബോധമുൾക്കൊള്ളണമെന്ന് ആഗ്രഹിക്കുന്നവർക്ക് ബോധമുൾക്കൊള്ളുന്നതിന് മതിയായ കാലം നാം നിങ്ങളെ ആയുസ്സുള്ളവരാക്കിയില്ലയോ) എന്ന വാക്യത്തിന്റെ സംഗ്രഹമാണ്. التذكر ഭാഷയിൽ 'ഓർക്കൽ' ആണെങ്കിലും ഖുർആൻ ഈ പദം അധികവും ഉപയോഗിച്ചിട്ടുള്ളത് സത്യബോധം-വിശ്വാസം, ധർമബോധം, ഉദ്ബുദ്ധത തുടങ്ങിയ അർഥങ്ങളിലാണ്. ധർമബോധം മനുഷ്യന്റെ പ്രകൃതിയിൽതന്നെ അല്ലാഹു നിക്ഷേപിച്ചിട്ടുള്ളതാണ്. ഓരോ മനുഷ്യനും ജന്മം കൊള്ളുന്നതിനു മുമ്പ് ആദി ബീജാവസ്ഥയിൽ അല്ലാഹുവിനോട് പ്രതിജ്ഞ

ചെയ്തിട്ടുള്ളതുമാണ്. ഈ പ്രതിജ്ഞയുടെ അനുസ്മരണവും നിർവഹണവുമാണ് അടിസ്ഥാനപരമായി تذكر. മനുഷ്യന്റെ വിധികളും പക്ഷപാതിത്വങ്ങളും സ്വാർഥ താൽപര്യങ്ങളും മാറ്റിവെച്ച് താൻ ആരാണെന്നും എവിടെനിന്നു വരുന്നുവെന്നും എങ്ങോട്ടു പോകുന്നുവെന്നും എങ്ങനെയാണ് പോകേണ്ടതെന്നുമൊക്കെ നിഷ്കളങ്കമായി ചിന്തിച്ചുനോക്കിയാൽ അവന്റെ മനസ്സിന്റെ അടിത്തട്ടിൽനിന്നുതന്നെ സത്യബോധവും ധർമവിചാരവും ഉയർന്നുവരേണ്ടതാണ്. പക്ഷേ, മനുഷ്യന്റെ ബദ്ധവൈരിയായ ചെകുത്താൻ അവനെ വഴിതെറ്റിക്കാൻ ചുറ്റുപാടുനിന്നും നാനാവിധ കുതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കും. അവയെ അതിജയിച്ച് സ്വയം സത്യം കണ്ടെത്തുക സാധാരണ മനുഷ്യന്ന് എളുപ്പമല്ല. ചെകുത്താനിൽനിന്ന് മനുഷ്യനെ രക്ഷിക്കാൻ അല്ലാഹു പ്രവാചകനെ അയച്ചിട്ടുണ്ട്. وَجَآءَكُمُ ٱلنَّذِيرُ എന്നാണ് മൂലവാക്യം. അത്യാഹിതങ്ങളെ കുറിച്ചും അപകടങ്ങളെക്കുറിച്ചും മുന്നറിയിപ്പു നൽകുന്നവനും താക്കീതു ചെയ്യുന്നവനുമാണ് نذير. ഖുർആൻ പല സ്ഥലങ്ങളിലും റസൂലിന്റെയും നബിയുടെയും പര്യായമായിട്ടാണ് ഈ പദം ഉപയോഗിച്ചിട്ടുള്ളത്. മുഖ്യമായും രണ്ടു ദൗത്യമാണ് പ്രവാചകന്മാർക്കുള്ളത്; التبشير والأنذار- ധർമം ആചരിക്കുന്നതിന്റെ ശുഭപര്യവസാനത്തെ സംബന്ധിച്ച സുവിശേഷവും അധർമം ആചരിക്കുന്നതിന്റെ ദുരന്തപര്യവസാനത്തെ സംബന്ധിച്ച മുന്നറിയിപ്പും. പ്രവാചകൻ സജ്ജനത്തിന് സുവിശേഷകനും ദുർജനത്തിന് താക്കീതുകാരനുമാകുന്നു. സുവിശേഷവും താക്കീതും പ്രവാചകന്മാരുടെ ദൗത്യമാണെങ്കിലും എല്ലാ താക്കീതുകാരും സുവിശേഷകരും പ്രവാചകന്മാരല്ല. എന്നാൽ പ്രവാചകന്മാരെല്ലാം സുവിശേഷകരും താക്കീതുകാരുമാകുന്നു. പ്രവാചകന്മാർ നേരിട്ട് പ്രബോധനം ചെയ്യാത്ത സമൂഹങ്ങളുണ്ടാവാം. പ്രവാചക സന്ദേശം പ്രചരിപ്പിക്കുന്ന(المبشرون والمنذرون) വർ എല്ലാ സമൂഹത്തിലും എത്തിയിട്ടുണ്ടായിരിക്കും.

സത്യപ്രബോധകരുടെ സന്ദേശം സ്വീകരിക്കാൻ കൂട്ടാക്കാതെ ചെകുത്താനെ പിന്തുടർന്നു നടന്നു നരകത്തിൽ പതിച്ചുകഴിഞ്ഞ ധിക്കാരികൾ അതിൽ കിടന്ന് നിലവിളിച്ചിട്ട് ഒരു പ്രയോജനവുമില്ല. അവരെ നയിച്ച നേതാക്കളോ പുരോഹിതന്മാരോ അവർ പൂജിച്ചിരുന്ന മിഥ്യാദൈവങ്ങളോ ഒന്നും അവരെ സഹായിക്കാനെത്തുകയില്ല. അവിടെ കിടന്ന് അനന്തകാലം ശിക്ഷയനുഭവിച്ചുകൊണ്ടിരിക്കുകയല്ലാതെ അവർക്കു ഗത്യന്തരമില്ല.

إِنَّ ٱلْمُجْرِمِينَ فِى عَذَابِ جَهَنَّمَ خَٰلِدُونَ ﴿٧٤﴾ لَا يُفَتَّرُ عَنْهُمْ وَهُمْ فِيهِ مُبْلِسُونَ ﴿٧٥﴾

(പാപികൾ നരകശിക്ഷയിൽ ശാശ്വതരാകുന്നു. അവരുടെ ശിക്ഷയിൽ ഒരിളവുമുണ്ടാകുന്നതല്ല. അവരതിൽ സകല നന്മകളും വിലക്കപ്പെട്ട നിരാശരാകുന്നു -43:74,75). സംസ്കൃത ജീവിതം നയിക്കാൻ മറ്റൊരവസരം അപേക്ഷിച്ചുകൊണ്ടുള്ള ധിക്കാരികളുടെ നിലവിളി ഖുർആൻ പല സ്ഥലങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്. 6:27-ൽ ഈ അപേക്ഷ ഉദ്ധരിച്ച ശേഷം 6:28-ൽ ആ അപേക്ഷ തള്ളിക്കളയുന്നതിന്റെ ഒരു കാരണമെന്തെന്ന് വ്യക്തമാക്കിയിരിക്കുന്നു: وَلَوْ رُدُّوا۟ لَعَادُوا۟ لِمَا نُهُوا۟ عَنْهُ وَإِنَّهُمْ لَكَٰذِبُونَ (ഇനി പൂർവ ജന്മത്തിലേക്ക് തിരിച്ചയക്കപ്പെട്ടാലും നിരോധിക്കപ്പെട്ടതിലേക്കു തന്നെയായിരിക്കും അവർ മടങ്ങുക. തീർച്ചയായും കള്ളംപറയുകയാണവർ).

മനുഷ്യരിൽ ചിലർ ശൈശവത്തിൽ മരിക്കുന്നു; ചിലർ ബാല്യത്തിൽ, ചിലർ കൗമാരത്തിൽ, ചിലർ മധ്യവയസ്സിൽ. ചിലർ എൺപതും നൂറും വയസ്സിനു ശേഷം. ഇതിൽ സത്യബോധം ഉൾക്കൊള്ളാൻ മതിയായ പ്രായം ഏതാണ്? ശൈശവവും ബാല്യവും അതിനു മതിയായ പ്രായമല്ല എന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ആ പ്രായത്തിൽ മരണപ്പെടുന്നവർ വിചാരണക്കും ശിക്ഷക്കും വിധേയരാവുകയില്ലെന്നു കരുതാം. ഇവിടെ സൂചിപ്പിച്ച പ്രായം 60-70 ആണെന്നും 40 ആണെന്നുമൊക്കെ ചില പൂർവിക പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരാൾക്ക് സത്യജ്ഞാനവും ധർമബോധവും ആർജിക്കാൻ പര്യാപ്തമായ പ്രായം എത്രയാണെന്ന് ഖുർആനോ സുന്നത്തോ കൃത്യമായി നിർണയിച്ചിട്ടില്ല. സത്യാസത്യങ്ങളും ധർമാധർമങ്ങളും തിരിച്ചറിയാനും ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനും കഴിയുന്ന പ്രായമാണിതെന്ന് സയ്യിദ് അബുൽ അഅ്ലാ മൗദൂദിയെപ്പോലുള്ള വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ കഴിവ് എല്ലാവരിലും ഒരേ പ്രായത്തിലല്ല സംജാതമാകുന്നത്. ചിലരിൽ നേരത്തേ തന്നെ അതുള്ളതായി കാണാം. ചിലരിൽ സുബോധമുദിക്കുന്നത് വൈകിയായിരിക്കും. അനാഥന്റെ സ്വത്ത് രക്ഷിതാവ് കൈകാര്യം ചെയ്യേണ്ടത് സ്വന്തം സ്വത്ത് കൈകാര്യം ചെയ്യാൻ അനാഥൻ പ്രാപ്തനാകുന്നതുവരെ - حَتَّىٰ يَبْلُغَ أَشُدَّهُۥ-യാണ്. സ്വത്ത് ഏൽപിച്ചുകൊടുക്കുന്നതിനുമുമ്പ് അവൻ അത് കൈകാര്യം ചെയ്യാൻ പ്രാപ്തനായിട്ടുണ്ടോ എന്ന് പരീക്ഷിച്ചറിയണമെന്നും وَٱبْتَلُوا۟ ٱلْيَتَٰمَىٰ حَتَّىٰٓ إِذَا بَلَغُوا۟ ٱلنِّكَاحَ (വിവാഹപ്രായമാകുന്നതുവരെ അനാഥരെ പരീക്ഷിച്ചുകൊണ്ടിരിക്കണം -4:6) കൽപിച്ചിരിക്കുന്നു. ഈ കാര്യങ്ങൾക്കൊന്നും വയസ്സിന്റെ എണ്ണം നിർണയിച്ചിട്ടില്ല. ഈ കഴിവുകൾ എല്ലാവരിലും ഒരേ വയസ്സിലല്ല ഉളവാകുക എന്നതാണ് കാരണം. അതുതന്നെയാണ് വിവേചനശക്തിയുടെയും കാര്യം. ഒരുവൻ ത്യാജ്യഗ്രാഹ്യ വിവേചന ബുദ്ധിയാർജിച്ച ശേഷം എത്രകാലം ജീവിക്കുന്നുവോ അത്രയും ഗുരുതരമാകുന്നു അയാളുടെ ഉത്തരവാദിത്തം. ഉത്തരവാദിത്തത്തോടെ ചെയ്യുന്ന കർമങ്ങളെല്ലാം വിചാരണാവിധേയമാവുകയും ചെയ്യും. ●